# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3482** 08.11.2019 -ലെ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ കോളേജുകൾക്ക് പുതുതായി അനുവദിച്ച കോഴ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. ദാസൻ** | **ഡോ. കെ. ടി. ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിലെ കോളേജുകൾക്കായി എത്ര കോഴ്സുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് ജില്ലയിലെ കോളേജുകൾക്ക് 3 പി.ജി കോഴ്സുകളും 2 ഡിഗ്രി കോഴ്സുകളും അനുവദിച്ചിട്ടുണ്ട്. |
| (ബി) | അനുവദിച്ച കോഴ്സുകളുടെ പട്ടിക, കോളേജിന്റെ പേര്, അനുവദിച്ച കോഴ്സ് എന്നീ ക്രമത്തിൽ ലഭ്യമാക്കാമോ; | (ബി) | സർക്കാർ കോളേജ്, മൊകേരി: 1. ബി.എസ്.സി കെമിസ്ട്രി 2. എം.കോം<br>സർക്കാർ കോളേജ്, പേരാമ്പ്ര: 1. ബി.എ. ഇംഗ്ലീഷ് 2. എം.കോം. ഫിനാൻസ് 3. എം.എസ്.സി മാത്തമാറ്റിക്സ് |
| (സി) | കൊയിലാണ്ടി എസ്.എ.ആർ.ബി.ടി.എം. ഗവൺമെന്റ് കോളേജിന് പുതിയ കോഴ്സ് അനുവദിക്കണമെന്ന അപേക്ഷ പരിഗണനയിലുണ്ടോ; കോഴ്സ് അനുവദിക്കുന്ന കാര്യത്തിൽ എടുത്തുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | കൊയിലാണ്ടി എസ്.എ.ആർ.ബി.ടി.എം സർക്കാർ കോളേജിൽ ബി.എസ്.സി. മാത്തമാറ്റിക്സ്, ബി.എസ്.സി കെമിസ്ട്രി, ബി.എ. മലയാളം, ബി.എ. ഹിന്ദി, ബി.എ. ഇംഗ്ലീഷ്, എം.എ. ഹിസ്റ്ററി, എം.എസ്.സി. മാത്തമാറ്റിക്സ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.